THE CALICUT CO-OPERATIVE
**URBAN BANK LTD.**
SINCE 1915
No. 1538
Head Office: Kallai Road, Kozhikode - 673 002
info@calicuturbanbank.com
IFSC : FDRL0CCUB01
RBI Licence No : UBD.KR.813.P
Ph: (H.O) 0495 2307221 to 223, 2307219 (GM)
www.calicuturbanbank.com
GSTIN: 32AAAAC5078P1Z i

# പൊതുയോഗ നോട്ടീസ്

മാന്യരെ,

ദി കാലിക്കററ് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൻെറ 2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക പൊതുയോഗം 2025 ആഗസ്ത് മാസം 31-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് കല്ലായ് റോഡിലുള്ള ബാങ്കിൻെറ ഹെഡ് ഓഫീസിൽ വെച്ച് ചേരുന്നതാണ്. പൊതുയോഗത്തിലേക്ക് മുഴുവൻ 'എ 'ക്ലാസ് അംഗങ്ങളേയും സാദരം ക്ഷണിക്കുന്നു.

പൊതുയോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ 'എ' ക്ലാസ് അംഗത്വം* തെളിയിക്കുന്നതിനായി ഷെയർ സർട്ടിഫിക്കററ്, ലോൺ പാസ്സ് ബുക്ക്, ബാങ്ക് നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിലേതെങ്കിലും ഒന്ന് തിരിച്ചറിയൽ രേഖയായി കൊണ്ടു വരേണ്ടതാണ്.

**അജണ്ട**

1. സ്വാഗതം
2. അദ്ധ്യക്ഷ പ്രസംഗം
3. 04.08.2024 തിയ്യതിയിൽ ചേർന്ന പൊതുയോഗത്തിൻെറ മിനുട്ട്സ് വായിച്ച് അംഗീകരിക്കൽ
4. 2024-25 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ അംഗീകരിക്കൽ
5. 2024-25 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിൻെറ ഓഡിററ് സംബന്ധിച്ച്
6. 2024-25 സാമ്പത്തിക വർഷത്തെ ലാഭവിഭജനം
7. 2026-27 സാമ്പത്തിക വർഷത്തെ കരട് ബഡ്ജററ് അംഗീകരിക്കൽ
8. 20.12.2020 തിയ്യതിയിൽ ചേർന്ന വാർഷിക പൊതുയോഗം അംഗീകരിച്ച് സഹകരണ രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിച്ച Enbloc Bye Law Amendment അപേക്ഷ ബഹു.കോഴിക്കോട് ജോയിൻറ് രജിസ്ട്രാർ നിരസിച്ചതിൻമേൽ സർക്കാറിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയും നിരസിച്ച സാഹചര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച്
9. തുടർച്ചയായി അറിയിപ്പുകൾ നൽകിയതിനുശേഷവും 2018-19 സാമ്പത്തികവർഷം വരെയുള്ള ഡിവിഡണ്ട് തുകയിൽ ഇതുവരേയും കൈപ്പററാത്ത തുക മെമ്പർ ആശ്വാസ് ഫണ്ടിലേക്ക് മാറ്റുന്നത് സംബന്ധിച്ച്
10. ബാങ്ക്, വസ്തുലേലം നടത്തിയ 5 വായ്പകളിലെ ബാക്കി തുക ലഭിക്കുന്നതിനുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച്
11. മുൻസാമ്പത്തിക വർഷത്തിൽ ഭരണസമിതി അംഗങ്ങളുടേയും ജീവനക്കാരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും പേരിൽ ബാങ്കിലുള്ള ബാധ്യതകൾ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിക്കൽ
12. ബാങ്ക് ഭരണസമിതി, പൊതുയോഗത്തിൻെറ അംഗീകാരത്തിന് വിധേയമായി എടുത്ത തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്
13. 2025-26സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററുടെ നിയമനം സംബന്ധിച്ചും 2026-27വർഷത്തേക്കുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ നിയമിക്കുന്നത് സംബന്ധിച്ചും.
14. ചോദ്യങ്ങൾ/പ്രമേയങ്ങൾ പരിഗണിക്കൽ
15. അദ്ധ്യക്ഷൻ അനുവദിക്കുന്ന മററു കാര്യങ്ങൾ
16. നന്ദി പ്രകടനം

*** ബാങ്കിലെ ഒരു 'എ' ക്ലാസ് ഷെയറിൻെറ വില 100/- രൂപയാക്കിയത് 01.02.2022 മുതൽ നടപ്പിൽ വരുത്തിയതിനാൽ, പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് 'എ' ക്ലാസ് മെമ്പർമാർക്ക് കുറഞ്ഞത് 100/- രൂപയുടെയെങ്കിലും ഓഹരി തുക നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**

***വാർഷിക പൊതുയോഗ നോട്ടീസ് ബാങ്കിൻെറ ഹെഡ് ഓഫീസ്, ശാഖകൾ എന്നിവിടങ്ങളിലേയും സഹകരണ സംഘം അസി. രജിസ്ട്രാർ ഓഫീസ്, സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ ഓഫീസ്, സർക്കിൾ കോ- ഓപ്പറേറ്റീവ് യൂണിയൻ, കസബ വില്ലേജ് ഓഫീസ്, കേരള ബാങ്ക് കോഴിക്കോട് മെയിൻ ബ്രാഞ്ച് തുടങ്ങിയ ഓഫീസുകളിലേയും നോട്ടീസ് ബോർഡിൽ അംഗങ്ങളുടെ അറിവിലേക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്.***

ഭരണസമിതി തീരുമാന പ്രകാരം,

(ഒപ്പ്)
**രാഗേഷ്. പി.**
ജനറൽ മാനേജർ

കോഴിക്കോട്
12.08.2025

പൊതുയോഗത്തിൽ ഉന്നയിക്കേണ്ട ചോദ്യങ്ങളും പ്രമേയങ്ങളും 2025 ആഗസ്ത് മാസം 20-ാംതിയ്യതി 1.30 pm-ന് മുൻപായി ജനറൽ മാനേജർക്ക് നൽകേണ്ടതാണ്.